(എഫ്) മാൾവാ കമ്പനിയിൽ നിന്നും 1995-96-ൽ വാങ്ങിയ ചില പി.വി.സി. പൈപ്പുകൾ ചില നബ്ഡിവിഷനുകളിൽ മാറ്റി ഇടേണ്ടതായി വന്നിട്ടുണ്ട്.

ആദിവാസികൾ നിർമ്മിക്കുന്ന കരകൗശല സാമഗ്രികൾ

*13 [413] ശ്രീ. ജോർജ്ജ് ജെ. മാത്യു :
,, എൻ. ശക്തൻ :
,, എ. സുജനപാൽ :
,, ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾ എന്തെല്ലാം തരത്തിലുള്ള കരകൗശല സാമഗ്രികളാണ് ഉൽപാദിപ്പിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇവയുടെ വിപണനത്തിനുവേണ്ടി എന്തെല്ലാം സഹായങ്ങൾ ചെയ്തു വരുന്നു. ഇത്തരം കരകൗശലവസ്തുക്കൾ നിർമ്മിക്കുന്നതിനുവേണ്ട പരിശീലനം നൽകുവാൻ എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) ഡ്രിഫ്റ്റ് വുഡ് (വേര്, ഉണക്കക്കമ്പ് എന്നിവയിൽ രൂപങ്ങൾ) ഈറയിൽ നിർമ്മിക്കുന്ന വിവിധ ഉല്പന്നങ്ങൾ, കണ്ണാടിപായ, മുറം, വട്ടി, മുളയിൽ നിർമ്മിക്കുന്ന കപ്പുകൾ, പ്ളാസ്റ്റർ ഓഫ് പാരിസ് ഉൽപ്പന്നങ്ങൾ തുടങ്ങിയവ ഉല്പാദിപ്പിക്കുന്നു.

(ബി) ദേശീയ വിപണന മേളകൾ വഴിയും സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന വിപണന മേളകൾ വഴിയും ഇവ വില്ക്കുന്നതിനു സഹായങ്ങൾ ചെയ്തു വരുന്നു. വയനാട് ജില്ലയിൽ കണിയാമ്പറ്റയിലെ ശബരി (എൻ. ജി. ഒ.), മുട്ടിൽ വിവേകാനന്ദ മിഷൻ (എൻ. ജി. ഒ.), അംബേഡ്ക്കർ മെമ്മോറിയൽ റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡവലപ്പ്മെന്റ്, ഇടുക്കി ജില്ലയിൽ ഹെറിറ്റേജ് എന്നീ സ്ഥാപനങ്ങൾ വഴി പരിശീലനം നല്കിവരുന്നു. കൂടാതെ വകുപ്പിന്റെ കീഴിലുള്ള പരിശീലന കേന്ദ്രങ്ങളിൽ തഴപ്പായ നിർമ്മാണം. ചൂരൽപ്പണി എന്നിവയിൽ പരിശീലനം നല്കിവരുന്നു. മുള അടിസ്ഥാനമാക്കിയുള്ള വ്യവസായിക ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നല്കിവരുന്നു.

ഭാരതപ്പുഴയെ പുനരുജ്ജീവിപ്പിക്കാൻ നടപടി

*14 [414] ശ്രീ. കെ. എ. ചന്ദ്രൻ :
,, തേറമ്പിൽ രാമകൃഷ്ണൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാരതപ്പുഴ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുവാൻ ഒരു സമിതിയെ നിയോഗിച്ചിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly